# പ്രണാമം

**എൽസി യോഹന്നാൻ ശങ്കരത്തിൽ**

(‘മലയാള മനോരമ’യുടെ ഭീഷ്മാചാര്യനായിരുന്ന പൂജ്യനായ മാത്തുക്കുട്ടിച്ചായന്)

മലയാള മാദ്ധ്യമവിഹായസിൻ കുലപതീ, സ്വസ്തി !
മലയാളമനോരമാ മകുടപ്രദീപമേ സ്വസ്തി !
പത്രലോകത്തിൻ ഗുരുസ്ഥാനിയാം, വീരേതിഹാസമാം,
അക്ഷരകേരള കാരണവരാം സ്നേഹാക്ഷരീ, സ്വസ്തി !

സൗമ്യമാം മന്ദസ്മിതം, മൃദുസ്പർശം, ഉണർവ്വേകും കടാക്ഷം
ആത്മവിശ്വാസം നൽകും കരുതൽ, പിതൃതുല്യ വാത്സല്യം
ആരിലും സാന്ത്വനഹസ്തം നീട്ടും കാരുണ്യ വാരാകരം
ആരാലും സംപൂജ്യനായ് മാറിയ സുന്ദരോദാരാകാരം

കാലസീമകൾ മായ്ച്ച യശസ്വിയാം മഹാശയൻ
ഭാഷാമാലാസുഗന്ധം ഭൂമികേ പാരിച്ച സമീരണൻ
വർത്തമാനപ്പത്രഭാവിയിൽ വർണ്ണ്യം ചേർത്ത കലാകാരൻ
പ്രത്യാശാദീപം പ്രതിസന്ധിയിൽക്കാട്ടിയ മഹാരഥൻ

ആറുദശകം പത്രലോകത്തിലക്ഷീണം യത്നവത്തായ്,
കർമ്മയോഗിയായ് ജന്മഭൂശ്രേയസിനായ് അനാധൃഷ്യനായ്
പത്രം പൊഴിയുമ്പൊഴും പൂവിട്ടു വിലസും മാമരമായ്
കാർത്തികദീപമായുലയാതെ നിന്ന ദീപനാളം തേ !

സ്നേഹസാന്ത്വനമായ് ‘മനോരമ’ക്കുടുംബത്തിന്നൈക്യത്താൽ
സ്നേഹശ്രംഖല തീർത്ത വിജയഗാഥയാം പർണ്ണാലയം
ഉത്തുംഗവ്യക്തിത്വമാം ‘മാത്തുക്കുട്ടിച്ചായൻ’ ജ്യോതിർമയൻ
ധർമ്മയോധാവേ! അങ്ങേയ്ക്കില്ല മൃത്യു, ശ്രേയസ്സിൽ ലയിപ്പൂ തേ !

ജീവിതം പത്രലോകത്തിനായ് കാഴ്ചവച്ചയമാനുഷൻ,
പ്രായഭേതമെന്യേ പേർ ചൊല്ലി വിളിക്കുമാ വിനീതത്വം,
ഗാംഭീര്യമോളം തല്ലും നിശബ്ദസാഗര നിറസാന്നിദ്ധ്യം,
വെണ്ണിലാവു തോൽക്കും വെള്ളിമുടി, ചന്ദനോല്ലാസിതാസ്യം;

തൊടുന്നതെല്ലാം പൊന്നാക്കിയോരഭൗമ പ്രതിഭാസം തേ !
ജനകോടികൾക്ക ഭാഷാദീപം തെളിച്ച വെൺകതിർ തേ !
‘മനോരമ’യ്ക്കു ഹരിതാഭ ചാർത്തിയ ഹരിതാശ്മം തേ !
‘മനോരമാ’കൗലീനമാം ജീവകാരുണ്യക്കാമ്പാണു തേ !

തൊണ്ണൂറ്റിമൂന്നു വത്സരം മണ്ണിൽ വിൺപ്രഭ ചേർത്ത ഭാവൻ
മണ്ണിനെ വിണ്ണാക്കുവാൻ ജീവിതം കാണിക്കയാക്കിയ ധീമാൻ
താവകവിയോഗം ഈശ്വരനിയോഗം, ദുഃഖചിത്തർ ഞങ്ങൾ
സ്നേഹമുദ്രയാലങ്ങേയ്ക്കർപ്പിപ്പൂ പ്രണാമം മഹാത്മാവേ !.